*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE_HSE/2023** **01/08/2023**

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ സ്കൂൾ / കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ : നിർദ്ദേശങ്ങൾ**

**സൂചന: : ഇതേ നമ്പറിൽ 27/07/2023 ലെ സർക്കുലർ**

**സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ നിർദ്ദേശങ്ങൾ**

**രണ്ടാം** സപ്ലിമെൻററി അലോട്ട്മെൻറിനുശേഷമുള്ള മെറിറ്റ് വേക്കൻസിയൊടൊപ്പം മാനേജ്മെൻറ് ക്വാട്ടയിലെ ഒഴിവുള്ള സീറ്റുകളും അധികമായി അനുവദിച്ച 97 താൽക്കാലിക ബാച്ചുകളിലെ സീറ്റുകളും ചേർത്തുള്ള വേക്കൻസിയിൽ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി അപേക്ഷിക്കാനുള്ള അവസരം **2023 ജൂലൈ 31 ന് വൈകിട്ട് 4 മണി** നൽകിയിരുന്നു. ഇത്തരത്തിൽ ആകെ ലഭ്യമായ 50,464 അപേക്ഷകളിൽ കൺഫർമേഷൻ പൂർത്തീകരിച്ച 49,800 അപേക്ഷകൾ പരിഗണിച്ചുകൊണ്ടുള്ള **ട്രാൻസ്ഫർ അലോട്ട്മെൻറ് റിസൾട്ട് 2023 ആഗസ്റ്റ് 2 ന് രാവിലെ 10 മണിമുതൽ പ്രവേശനം സാധ്യമാകത്തക്കവിധം പ്രസിദ്ധപ്പെടുത്തുന്നതാണ്. ക്യാൻഡിഡേറ്റ് ലോഗിനിലെ "TRANSFER ALLOT RESULTS"** എന്ന ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാനുള്ള സൗകര്യം അതത് സ്കൂൾ പ്രിൻസിപ്പൾമാർ ചെയ്ത് കൊടുക്കേണ്ടതും ട്രാൻസ്ഫർ അലോട്ട്മെൻറ് ലെറ്റർ പ്രിൻറൗട്ട് എടുത്ത് നൽകേണ്ടതുമാണ്. അതേ സ്കൂളിൽ കോമ്പിനേഷൻ മാറ്റം ലഭിച്ചാലും പുതിയ അലോട്ട്മെൻറ് ലെറ്റർ പ്രകാരം പ്രവേശനം മാറ്റി കൊടുക്കേണ്ടതാണ്. സ്കൂൾ മാറ്റം ലഭിച്ച വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ വിടുതൽ സർട്ടിഫിക്കറ്റും (**സ്കൂൾ അഡ്മിൻ**

യൂസറിൽ ലഭ്യമാക്കിയിട്ടുള്ള **“TC Generator( For Students Transferred to other school in School/Combination Transfer Allotment)** എന്ന ലിങ്കിലൂടെ വിടുതൽ സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്.) സ്വഭാവ സർട്ടിഫിക്കറ്റും മറ്റു അസ്സൽ രേഖകളും നൽകി പുതിയ സ്കൂളിൽ പ്രവേശനത്തിന് ഹാജരാകാൻ ആവശ്യപ്പെടണം. സ്കൂളുകൾക്ക് ട്രാൻസ്ഫർ അലോട്ട്മെൻറ് ലിസ്റ്റും,ടൈ-റാങ്ക് റിപ്പോർട്ടും അഡ്മിൻ യൂസറിൽ ലഭ്യമാകുന്നതാണ്. ട്രാൻസ്ഫർ അലോട്ട്മെൻറ് അഡ്മിഷൻ 2023 ആഗസ്റ്റ് 2 ന് രാവിലെ 10 മണിമുതൽ 2023 ആഗസ്റ്റ് 3 ന് വൈകിട്ട് 4 മണിവരെ നടത്താവുന്നതാണ്.

ട്രാൻസ്ഫർ അലോട്ട്മെൻറിലൂടെ പ്രവേശനം നേടുന്ന വിദ്യാർത്ഥിവിവരങ്ങൾ അതത് ദിവസം തന്നെ **“HITC”** യൂസറിലുള്ള **”ADMISSION DETAILS ENTRY(TXFR)”** എന്ന ലിങ്കിലൂടെ അപ്ഡേറ്റ് ചെയ്യേണ്ടതുമാകുന്നു

**സ്കൂൾ/കോമ്പിനേഷൻ മാറ്റം ലഭിച്ചവർ ഒടുക്കേണ്ടുന്ന ഫീസിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ**

**1. നിലവിലെ സ്കൂളിൽ തന്നെ കോമ്പിനേഷൻ മാറ്റം ലഭിച്ചവർ .**

നിലവിൽ പ്രവേശനം ലഭിച്ച സ്കൂളിൽത്തന്നെ മറ്റൊരു കോമ്പിനേഷനിലേയ്ക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ,പ്രസ്തുത കോമ്പിനേഷൻ മാറ്റത്തിൻെറ ഫലമായി അടയ്ക്കേണ്ടുന്ന അധിക ഫീസ് മാത്രം ഒടുക്കിയാൽ മതിയാകും.

**2. ഒരേ കോമ്പിനേഷനിൽത്തന്നെ സ്കൂൾ മാറ്റം ലഭിച്ചവർ .**

നിലവിൽ പ്രവേശനം നേടിയ അതേ കോമ്പിനേഷനിൽത്തന്നെ മറ്റൊരു സ്കൂളിലേയ്ക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ പുതുതായി ഫീസ് ഒന്നും തന്നെ ഒടുക്കേണ്ടതില്ല.ഇവർ കോഷൻ ഡെപ്പോസിറ്റ്,പി.റ്റി.എ ഫണ്ട് എന്നിവ ഒടുക്കണം.

**3. പുതിയൊരു സ്കൂളിൽ പുതിയൊരു കോമ്പിനേഷനിൽ പ്രവേശനം ലഭിച്ചവർ.**

കോമ്പിനേഷൻ മാറ്റത്തോടെ പുതിയൊരു സ്കൂളിലേയ്ക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ,പുതിയ കോമ്പിനേഷന്റെ ഭാഗമായി ഒടുക്കേണ്ട അധിക ഫീസ്,കോഷൻ ഡെപ്പോസിറ്റ്,പി.റ്റി.എ ഫണ്ട് എന്നിവ ഒടുക്കേണ്ടതാണ്.

സ്കൂൾ മാറ്റം ലഭിച്ച് പുതിയ സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ,ആദ്യം പ്രവേശനം നേടിയ സ്കൂളിൽ ഒടുക്കിയ ഫീസിന്റെ രസീത് വാങ്ങി സൂക്ഷിക്കേണ്ടതും,അധിക ഫീസിനത്തിൽ വരുന്ന തുക മാത്രം വീണ്ടും ഒടുക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്.

**സ്കൂൾ മാറ്റം ലഭിച്ച വിദ്യാർത്ഥികൾക്ക് അവർ ആദ്യം പ്രവേശനം നേടിയ സ്കൂളിൽ ഒടുക്കിയ കോഷൻ ഡെപ്പോസിറ്റ്,പി.റ്റി.എ ഫണ്ട് എന്നിവ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നിർബന്ധമായും തിരികെ നൽകേണ്ടതാണ്.**

മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനായി ട്രാൻസ്ഫറിനു ശേഷമുള്ള വേക്കൻസിയും വിശദ നിർദ്ദേശങ്ങളും **2023 ആഗസ്റ്റ് 3 ന് രാവിലെ 9 മണിയ്ക്ക്** പ്രസിദ്ധീകരിക്കുന്നതാണ്.

ജോയിൻറ് ഡയറക്ടർ (അക്കാദമിക്)